"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 03-04-2020

## സർക്കുലർ നം 19

കൊറോണ വൈറസ് വ്യാപനത്തിൻ്റെ ഫലമായി രാജ്യത്താകമാനം ലോക്ക് ഡൌൺ പ്രഖ്യാപിക്കപ്പെടുകയും നിയന്ത്രണങ്ങൾ നിലവിൽ വരികയും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് എല്ലാ സർക്കാർ/ സർക്കാരിതര വകുപ്പുകൾ പരമ പ്രാധാന്യം നൽകുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ ജയിൽ സ്ഥാപനങ്ങളിൽ പാലക്കാട് ജില്ലാ ജയിലിലെ അന്തേവാസിയുടെ ആത്മഹത്യയും വിയ്യൂർ സെൻട്രൽ ജയിലിലെ ആത്മഹത്യാ ശ്രമവും കണ്ണൂർ സെൻട്രൽ ജയിലിലെ തടവു ചാട്ടവും ജയിൽ സ്ഥാപനങ്ങളുടെ സുരക്ഷയും അന്തേവാസികൾക്കിടയിലെ അച്ചടക്കവും ജീവനക്കാർക്കിടിയിലെ ജാഗ്രതയും വർദ്ധിപ്പിക്കേണ്ടതിൻ്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതാണ്. പൊതു ഗതാഗത സംവിധാനത്തിൻ്റെ കുറവും ജോലി ഭാരം വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളും തുടർച്ചയായി ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന അവസ്ഥയും സഹായ സഹകരണങ്ങൾ നൽകേണ്ട മറ്റ് ഏജൻസികളുടെ അസൌകര്യങ്ങളും ഉണ്ടെങ്കിൽ പോലും തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡി എന്ന ജയിൽ വകുപ്പിൻ്റെ പ്രാഥമിക ഉത്തരവാദിത്തം പഴുതില്ലാത്ത തരത്തിൽ നിറവേറ്റുന്നതിന് എല്ലാ ജീവനക്കാരും വിട്ടു വീഴ്ചയില്ലാതെ ശ്രദ്ധിക്കണമെന്നും ഡ്യൂട്ടി വ്യവസ്ഥകളിലോ ഡ്യൂട്ടി നിർവ്വഹണത്തിലോ ഒരു തരത്തിലുമുള്ള ഇളവുകൾ / വീഴ്ചകൾ ഇല്ലാതിരിക്കുന്നതിന് മേൽനോട്ട നിർവ്വഹണത്തിൻ്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും സ്ഥാപന മേധാവികളും ഉറപ്പു വരുത്തേണ്ടതാണെന്നും ഈ വിധ കാര്യങ്ങളിൽ മേഖലാ ഡി.ഐ.ജി മാരുടെ ശക്തമായ ഇടപെടൽ ഉണ്ടാകണമെന്നും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചകളും പിഴവുകളും വളരെ ഗൌരവത്തോടെ കണക്കാക്കപ്പെടുമെന്ന് ഓരോ ഉദ്യോഗസ്ഥരേയും അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല/മദ്ധ്യ മേഖല/ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും